# നികുതി
# വകുപ്പിന്റെ 2023-24 വർഷത്തെ
# ഭരണ റിപ്പോർട്ട്

3-1309-25

## ഉള്ളടക്കം

| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 5 |
| 2 | കേരള രജിസ്ട്രേഷൻ വകുപ്പിന്റെ ചരിത്രം | 5 |
| 3 | രജിസ്ട്രേഷൻ വകുപ്പിന്റെ കർത്തവ്യങ്ങൾ | 8 |
| 4 | രജിസ്ട്രേഷൻ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ | 9 |
| 5 | രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ ഘടന | 10 |
| 6 | രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥ ഘടന | 11 |
| 7 | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ് ഘടന | 12 |
| 8 | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ എണ്ണം-ജില്ലാടിസ്ഥാനത്തിൽ | 13 |
| 9 | മാനവ വിഭവം | 14 |
| 10 | രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രധാന നിയമങ്ങൾ | 15 |
| 11 | രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലകൾ | 16 |
| 12 | രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം | 17 |
| 13 | രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ | 30 |
| 14 | ഭൂമിയുടെ ന്യായവില | 39 |
| 15 | ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ബോർഡ് | 41 |
| 16 | പ്രധാന ഉത്തരവുകൾ | 46 |
| 17 | വകുപ്പിൽ സേവനമനുഷ്ഠിച്ചിരുന്ന രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമാരുടെ പേരുവിവരം | 48 |
| 18 | വകുപ്പിന്മേലുള്ള സർക്കാരിന്റെ ഭരണനിയന്ത്രണം | 50 |
| 19 | അവലോകനം | 51 |

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ്—രജിസ്ട്രേഷൻ—രജിസ്ട്രേഷൻ വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് അംഗീകരിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജെ) വകുപ്പ്

**സ.ഉ.(അച്ചടി)നമ്പർ.106/2025/Taxes.** **തിരുവനന്തപുരം, 2025 ജൂൺ 5.**

---

പരാമർശം:— രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 23-4-2025 തീയതിയിലെ ഐ.ജി.ആർ./5914/2024-ഫിൻ.5 നമ്പർ കത്ത്.

**ഉത്തരവ്**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ സമഗ്രമായ പുരോഗതി വിലയിരുത്തിക്കൊണ്ട് 2023-24 സാമ്പത്തിക വർഷത്തെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് രേഖപ്പെടുത്തുന്നു.

(2) സംസ്ഥാനത്ത് വരുമാന സമാഹരണത്തിൽ രണ്ടാം സ്ഥാനത്തുള്ള രജിസ്ട്രേഷൻ വകുപ്പ് സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവ വഴിയാണ് പ്രധാനമായും വരുമാനം സ്വരൂപിക്കുന്നത്. ഒരു വസ്തുവിന്മേലുള്ള നിയമപരമായ അവകാശങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വിവരം നൽകുകയും ദീർഘനാളത്തേക്ക് നിയമപ്രാധാന്യമുള്ള രേഖകൾ സൂക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം കൃത്രിമത്വം തടയുന്നതിനും ആധാരങ്ങളുടെ നിയമസാധുത

ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ ലഘുവായതും സുതാര്യവുമായ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുക എന്ന നിയമപരമായ ചുമതലയും രജിസ്ട്രേഷൻ വകുപ്പിൽ നിക്ഷിപ്തമാണ്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുക, ആധാരങ്ങളുടെ കലർപ്പില്ലായ്മക്ക് നിരപേക്ഷമായ തെളിവുണ്ടാക്കുക, ഇടപാടുകൾക്ക് പ്രചരണം നൽകുക, വഞ്ചന (കൃത്രിമം) തടയുക, ഒരു വസ്തു കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സൗകര്യം നൽകുക, അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക, അസ്സലാധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചു പോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം നൽകുക തുടങ്ങിയവയാണ് വകുപ്പ് ഭരണനിർവഹണം നടത്തുന്ന രജിസ്ട്രേഷൻ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ജനങ്ങൾക്ക് ഈ സേവനം പരമാവധി വേഗത്തിലും കുറ്റമറ്റ രീതിയിലും കാര്യക്ഷമതയോടെ നൽകപ്പെടുന്നു എന്നുറപ്പാക്കുകയാണ് വകുപ്പിന്റെ പ്രധാന കർത്തവ്യം.

(3) ആധാരങ്ങൾ രജിസ്റ്ററാക്കുക, അവ സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബാധ്യതാ സർട്ടിഫിക്കറ്റുകളും നൽകുക എന്നിവ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ചുമതലകളാണ്. കേരള സംസ്ഥാനത്ത് നടത്തുന്ന ചിട്ടികളുടെ രജിസ്ട്രേഷനും ചിട്ടിഭരണവും ചിട്ടി ആർബിട്രേഷനും രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയിൽപ്പെടുന്നു. ശാസ്ത്ര-സാഹിത്യ-ധർമ്മസ്ഥാപനങ്ങൾ രജിസ്റ്ററാക്കുക, നോൺ-ട്രേഡിംഗ് കമ്പനി, കൂട്ടുകച്ചവട സ്ഥാപനങ്ങൾ (Firms) എന്നിവ രജിസ്റ്റർ ചെയ്യുക എന്നതും വകുപ്പിന്റെ പ്രധാന ചുമതലകളാണ്. പ്രത്യേക വിവാഹനിയമപ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ, വിൽപ്പത്ര നിക്ഷേപണം, പ്രമാണങ്ങൾക്കുള്ള മുദ്രവിലനിർണയം, മുക്ത്യാർനാമം സാക്ഷ്യപ്പെടുത്തൽ എന്നിവയും രജിസ്ട്രേഷൻ വകുപ്പിൽ നിക്ഷിപ്തമാണ്.

(4) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ വിശദമായ പരിശോധനയിൽ, ലഭ്യമായ ബഡ്ജറ്റ് തുകയുടെയും മറ്റു സൗകര്യങ്ങളുടെയും പരമാവധി ഉപയോഗത്തിലൂടെ

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുവാൻ രജിസ്ട്രേഷൻ വകുപ്പിന് സാധിച്ചിട്ടുള്ളതായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ 2023-24 സാമ്പത്തികവർഷത്തെ ഭരണറിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ. ആർ. ജ്യോതിലാൽ
*അഡീഷണൽ ചീഫ് സെക്രട്ടറി*

(1) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
(2) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
(3) ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തിരുവനന്തപുരം.
(4) എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും.
(5) പൊതുഭരണ (പി.എസ്.) വകുപ്പ്.
(6) വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
(7) കരുതൽ ഫയൽ / ഓഫീസ് കോപ്പി (J3/242/2025/TAXES).

പകർപ്പ് :—

ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

# വാർഷിക ഭരണറിപ്പോർട്ട് 2023-2024
## രജിസ്ട്രേഷൻ വകുപ്പ്

| | | |
|---|---|---|
| ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| | | |
| ഗവൺമെൻറ് സെക്രട്ടറി | : | ശ്രീ. ഡോ. രത്തൻ യു. കേൽക്കർ |
| | : | ഡോ. എ. ജയതിലക് ഐ. എ. എസ്. |
| | | |
| രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ | : | ശ്രീ. ഇൻപശേഖർ കെ. ഐ. എ. എസ്. |
| | : | ശ്രീമതി മേഘശ്രീ ഐ. എ. എസ്. |
| | : | ശ്രീധന്യ സുരേഷ് ഐ. എ. എസ്. |

## 1. ആമുഖം

കേരളത്തിലെ സർക്കാർ വകുപ്പുകളുടെ ഗണത്തിൽ പ്രഥമസ്ഥാനമാണ് രജിസ്ട്രേഷൻ വകുപ്പിനുള്ളത്. കേരള സംസ്ഥാനം രൂപപ്പെടുന്നതിന് മുമ്പു തന്നെ നിലവിൽ വന്ന ഈ വകുപ്പിന് ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുള്ള ചരിത്രമാണുള്ളത്. സംസ്ഥാനത്തെ ജനങ്ങളുടെ പരമപ്രധാനമായ ധാരാളം വിഷയങ്ങൾ സംബന്ധിച്ച സേവനം നൽകി വരുന്ന രജിസ്ട്രേഷൻ വകുപ്പ്, സ്തുത്യർഹവും മാതൃകാപരവുമായ സേവനമികവാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. പരാതികൾക്ക് ഇട നൽകാതെ, മാറിവരുന്ന സർക്കാരുകളുടെ നയങ്ങൾക്കനുസൃതമായി സേവന സന്നദ്ധതയോടെ, അഭിമാനാർഹമായ പ്രവർത്തന മികവ് കാഴ്ചവക്കുന്ന ഒരു പറ്റം ഉദ്യോഗസ്ഥരും മേലധികാരികളും ചേർന്ന ഉദ്യോഗസ്ഥവൃന്ദമാണ് ഈ വകുപ്പിനെ മുന്നോട്ട് നയിക്കുന്നത്.

## 2. കേരള രജിസ്ട്രേഷൻ വകുപ്പിന്റെ ചരിത്രം

കേരളത്തിലെ 14 ജില്ലകളിൽ ഒന്നാണ് കണ്ണൂർ ജില്ല. പോർച്ചുഗീസ് പര്യവേക്ഷകനായ വാസ്കോഡ ഗാമ 1498-ൽ കണ്ണൂർ സന്ദർശിച്ചതിനുശേഷം അത് പോർച്ചുഗീസ് വാസസ്ഥലമായി മാറി. 1505-ൽ പോർച്ചുഗീസുകാർ കണ്ണൂരിന് വടക്ക് സെന്റ് ആഞ്ചലോയുടെ കോട്ട പണിതു. 1558-ൽ കോഴിക്കോട്ടെ കുഞ്ഞാലി മരക്കാർക്കു സജീവ പിന്തുണ നൽകി പോർച്ചുഗീസുകാർക്കെതിരെ കോലത്തിരികൾ പരസ്യമായി രംഗത്തെത്തി. കോലത്തിരിമാരും കോഴിക്കോട്ടെ സാമൂതിരിമാരും പോർച്ചുഗീസിനും ഉപരോധിച്ച സെന്റ് ആഞ്ചലോ കോട്ടയ്ക്കുമെതിരെ പൊതുയുദ്ധം നടത്തി. 1564-ൽ പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കണ്ണൂരിന്റെ നിയന്ത്രണം ഡച്ചുകാരുടെ കൈകളിലെത്തി. 1783-ൽ ബ്രിട്ടീഷുകാർ അത് പിടിച്ചെടുത്തു. പതിനേഴാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ കോട്ടയും ഫാക്ടറിയും സ്ഥാപിക്കുന്നതിനായി തലശ്ശേരിയിൽ സ്ഥലം ഏറ്റെടുത്തതോടെയാണ് ഈസ്റ്റ് ഇന്ത്യാ കമ്പനി ജില്ലയിൽ ആദ്യമായി കാലുറപ്പിച്ചത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ

മൈസൂർ ഭരണാധികാരികളായ ഹൈദരാലിയും ടിപ്പു സുൽത്താനും ജില്ലയുടെ ഭൂരിഭാഗവും കീഴടക്കുകയും ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടുകയും ചെയ്തു. 1792-ൽ, മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിന്റെ അവസാനത്തിൽ, ബ്രിട്ടീഷുകാർ കണ്ണൂരും ചുറ്റുമുള്ള പ്രദേശങ്ങളും പിടിച്ചെടുക്കുകയും ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രവിശ്യയിലെ ഒരു പുതിയ ജില്ലയായി 'മലബാർ' മാറുകയും ചെയ്തു.

ബ്രൗൺസ് പ്ലാന്റേഷൻ, അഞ്ചരക്കണ്ടി—

1767 മുതൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തലശ്ശേരി മേഖലയിൽ കുരുമുളക്, ജാതിക്ക, ഗ്രാമ്പൂ, കറുവപ്പട്ട തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്തിരുന്നു. ഏഷ്യയിലെ ഏറ്റവും വലിയ കറുവപ്പട്ട തോട്ടമായി പ്രശസ്തിയാർജ്ജിച്ച 'ബ്രൗൺസ് പ്ലാന്റേഷൻ' സ്ഥിതി ചെയ്യുന്നത് തലശ്ശേരിയുടെ സമീപ പ്രദേശമായ അഞ്ചരക്കണ്ടിയിലാണ്. ഏകദേശം 500 ഏക്കർ വിസ്തൃതിയുണ്ട് ഈ തോട്ടത്തിന്. ഇതുവഴി, മർഡോക്ക് ബ്രൗൺ എന്ന ബ്രിട്ടീഷ് പ്രഭു ഒന്നര നൂറ്റാണ്ട് മുമ്പ്, കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിൽ നാട്ടുകാരുടെ ഭൂസ്വത്തുക്കളുടെ അതിരുകൾ നിർണ്ണയിച്ച് ചരിത്രം സൃഷ്ടിക്കുകയായിരുന്നു. ഈ അതിർത്തി നിർണയം കേരളത്തിലോ ഇന്ത്യയിലോ മാത്രമല്ല, ഏഷ്യയിലെ തന്നെ ഇത്തരത്തിലുള്ള ഒരു പുതിയ ഭരണ മാതൃകയുടെയോ വകുപ്പിന്റെയോ തുടക്കമായിരുന്നു. പ്രഭു മർഡോക്ക് ബ്രൗൺ, 1850-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി വഴി അഞ്ചരക്കണ്ടിയിലെത്തുകയും രണ്ടുതറയിൽ താമസമാക്കി ക്രമേണ, സൈന്യത്തിന്റെ സഹായത്തോടെ സമീപപ്രദേശങ്ങൾ തന്റെ നിയന്ത്രണത്തിലാക്കുകയും അതിന്റെ ഭരണം സ്വയം നിർവഹിക്കുകയും ചെയ്തു. കഴിയുന്നത്ര ഭൂസ്വത്ത് സമ്പാദിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യവും ദൗത്യവും. തന്റെ ദൗത്യത്തിൽ അദ്ദേഹം നന്നായി വിജയിച്ചു. സമ്പാദിച്ച ഭൂസ്വത്തിന്റെ നീളവും വീതിയും അളക്കാനും അതിന്റെ രേഖകൾ സൂക്ഷിക്കാനും തുടങ്ങി. മർഡോക്ക് ബ്രൗൺസ് പ്രഭു ഭൂമിയുടെ അതിർത്തി നിർണയിച്ചത് ചരിത്രത്തിലെ ഇത്തരത്തിലുള്ള ആദ്യ ശ്രമമാണ്. അതോടൊപ്പം, ഇത്തരം രേഖകൾ

അവർക്കും ആവശ്യമാണെന്നും ഉപകാരപ്രദമാണെന്നും അദ്ദേഹം നാട്ടുകാർക്കിടയിൽ പ്രചരിപ്പിക്കാൻ തുടങ്ങി. അദ്ദേഹം തന്റെ ബംഗ്ലാവിൽ ഒരു ഓഫീസ് തുറക്കുകയും പ്രദേശവാസികൾക്കായി അതിർത്തി നിർണയിക്കാനും രേഖകൾ തയ്യാറാക്കാനും ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. രജിസ്ട്രേഷൻ വകുപ്പിന്റെ യഥാർത്ഥ തുടക്കമായിരുന്നു ഇത്. ആദ്യം അദ്ദേഹം സ്വത്തുക്കളുടെ രേഖകൾ ഒപ്പിടാനും അത് ഉടമസ്ഥർക്ക് കൈമാറുവാനും തുടങ്ങി. പിന്നീട് തന്റെ അറിവില്ലാതെ രേഖകളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് രേഖകളിലെ കൃത്രിമത്വം തടയുന്നതിനായി അദ്ദേഹം അസ്സൽ രേഖയുടെ ഒരു പകർപ്പ് തന്റെ ഓഫീസിൽ സൂക്ഷിക്കാനും പരിപാലിക്കാനും തുടങ്ങി. 1864-ൽ ഗവർണർ ജനറൽ ഓഫ് ഇൻഡ്യ, Registration of Assurance Act, **Act No. XVI of 1864** എന്ന രജിസ്ട്രേഷൻ നിയമം പാസ്സാക്കി. തുടർന്ന് മദ്രാസ് ആസ്ഥാനമാക്കി തലശ്ശേരി ജില്ലാ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചു. രാജ്യത്തിന് ഒരു പൊതുസ്റ്റാമ്പ് നിയമം 1899-ൽ നിലവിൽ വരികയും രജിസ്ട്രേഷൻ ഭരണം ഏകീകരിക്കുകയും ചെയ്തു.

<u>അഞ്ചരക്കണ്ടി - ആദ്യ സബ് രജിസ്ട്രാർ ഓഫീസ്</u>

1865 ഫെബ്രുവരി 1-ന്, ആദ്യത്തെ സർക്കാർ അംഗീകൃത സബ് രജിസ്ട്രി ഓഫീസ് മർഡോക്ക് ബ്രൗൺ പ്രഭുവിന്റെ ബംഗ്ലാവിൽ നിന്ന് പ്രവർത്തനം ആരംഭിച്ചു. ആദ്യ ഡെപ്യൂട്ടി രജിസ്ട്രാറായി മർഡോക്ക് ബ്രൗൺ പ്രഭു ചുമതലയേറ്റ് രേഖകൾ രജിസ്റ്റർ ചെയ്യുവാൻ ആരംഭിച്ചു. അക്കാലത്ത് ഉപയോഗിച്ചിരുന്ന മഷി, കടുക്കയിൽ നിന്നുള്ള കഷായത്തിൽ നിന്ന് തയ്യാറാക്കിയ ലായനി ഉപയോഗിച്ചാണ് (എൻട്രിക് മൈറോബെലൻ) നിർമ്മിച്ചിരുന്നത്. എന്നാൽ അക്കാലത്ത് സ്റ്റാമ്പ് പേപ്പറുകളും സ്റ്റാമ്പ് നിയമങ്ങളും പ്രചാരത്തിലില്ലായിരുന്നു. അതിനായി പ്രത്യേകം തയ്യാറാക്കിയ സ്റ്റാമ്പ് പേപ്പറുകൾ മദ്രാസിൽ നിന്ന് കൊണ്ടുവന്ന് മർഡോക്ക് ബ്രൗൺ പ്രഭു സ്വയം സ്റ്റാമ്പ് വെണ്ടറുടെ ചുമതലയേറ്റ് സ്റ്റാമ്പ് പേപ്പറുകളിൽ ഒപ്പ് വച്ച് ആവശ്യക്കാർക്ക് വിൽപ്പന നടത്തുകയാണ് ചെയ്തുവന്നിരുന്നത്. കാലക്രമേണ, മർഡോക്ക് ബ്രൗൺ പ്രഭു നയിച്ച വഴിയിലൂടെ പ്രദേശവാസികളും സഞ്ചരിച്ചു. തന്റെ

ബംഗ്ലാവിൽ പ്രവർത്തിക്കുന്ന ഓഫീസിൽ രജിസ്ട്രേഷനുവേണ്ടി വന്നവരുടെ തിരക്ക് കാരണം അദ്ദേഹം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തന്റെ കൈവശമുണ്ടായിരുന്ന സ്ഥലം സർക്കാരിന് ദാനം ചെയ്ത് 1876-ൽ ഒരു പുതിയ കെട്ടിടം പണിയുകയും ചെയ്തു. ഇതാണ് കേരള സംസ്ഥാനത്തെ ആദ്യത്തെ സബ് രജിസ്ട്രി ഓഫീസായ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസ്. നിർമ്മാണത്തിലെ വിസ്മയചാതുര്യമായ ഈ കെട്ടിടത്തിൽ തന്നെയാണ് ഇപ്പോഴും അഞ്ചരക്കണ്ടി സബ് രജിസ്ട്രി ഓഫീസ് പ്രവർത്തിച്ചുവരുന്നത്. രജിസ്ട്രേഷൻ വകുപ്പ് മലബാർ പ്രദേശത്ത് കൊല്ലവർഷം 1040 (എ.ഡി.1865) മുതലും, തിരുവിതാംകൂർ പ്രദേശത്ത് കൊല്ലവർഷം 1043 (എ.ഡി.1868) മുതലും, കൊച്ചി പ്രദേശത്ത് കൊല്ലവർഷം 1050 (എ.ഡി.1875) മുതലും പ്രവർത്തനം ആരംഭിച്ചു. 1956 നവംബർ 1 മുതൽ കേരള സംസ്ഥാന രൂപീകരണത്തോടെ ഇവ മൂന്നും സംയോജിപ്പിച്ച് ഇന്നത്തെ രജിസ്ട്രേഷൻ വകുപ്പ് രൂപീകരിക്കുകയും രജിസ്ട്രേഷൻ ആക്ട്, 1908 സംസ്ഥാനത്തുടനീളം പ്രാബല്യത്തിൽ വരികയും ചെയ്തു.

## 3. രജിസ്ട്രേഷൻ വകുപ്പിന്റെ കർത്തവ്യങ്ങൾ

സംസ്ഥാനത്ത് വരുമാന സമാഹരണത്തിൽ രണ്ടാം സ്ഥാനത്തുള്ള രജിസ്ട്രേഷൻ വകുപ്പ് സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീ എന്നിവ വഴിയാണ് പ്രധാനമായും വരുമാനം സ്വരൂപിക്കുന്നത്. ഒരു വസ്തുവിന്മേലുള്ള നിയമപരമായ അവകാശങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വിവരം നൽകുകയും ദീർഘനാളത്തേക്ക് നിയമ പ്രാധാന്യമുള്ള രേഖകൾ സൂക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം കൃത്രിമത്വം തടയുന്നതിനും ആധാരങ്ങളുടെ നിയമസാധുത ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ ലഘുവായതും സുതാര്യവുമായ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുക എന്ന നിയമപരമായ ചുമതലയും രജിസ്ട്രേഷൻ വകുപ്പിൽ നിക്ഷിപ്തമാണ്.

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുക, ആധാരങ്ങളുടെ കലർപ്പില്ലായ്മക്ക് നിരാപേക്ഷമായ തെളിവുണ്ടാക്കുക, ഇടപാടുകൾക്ക് പ്രചരണം നൽകുക, വഞ്ചന (കൃത്രിമം) തടയുക, ഒരു വസ്തു കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സൗകര്യം നൽകുക, അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക, അസ്സലാധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചു പോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം നൽകുക, തുടങ്ങിയവയാണ് വകുപ്പ് ഭരണനിർവഹണം നടത്തുന്ന രജിസ്ട്രേഷൻ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ജനങ്ങൾക്ക് ഈ സേവനം പരമാവധി വേഗത്തിലും കുറ്റമറ്റ രീതിയിലും കാര്യക്ഷമതയോടെയും നൽകപ്പെടുന്നു എന്നുറപ്പാക്കുകയാണ് ഈ വകുപ്പിന്റെ പ്രധാനകർത്തവ്യം.

## 4. രജിസ്ട്രേഷൻ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് കുറ്റമറ്റതും സുതാര്യവും വേഗമേറിയതുമായ സേവനം ഉറപ്പുവരുത്തുകയും അതുവഴി രജിസ്ട്രേഷൻ വകുപ്പിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ മാതൃകാപരമായും അഭിമാനാർഹമായും നിർവഹിക്കുകയും ചെയ്യുക എന്നതാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പൊതുവായ ഉദ്ദേശ്യലക്ഷ്യം.

രജിസ്ടേഷൻ നിയമത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.

a. ആധാരങ്ങളുടെ ആധികാരികതയ്ക്ക് തെളിവുകളുണ്ടാക്കുക.
b. ഇടപാടുകൾക്ക് നിയമ സാധുത ഉറപ്പുവരുത്തുക.
c. വഞ്ചന (കൃത്രിമം) തടയുക.
d. ഒരു വസ്തു (ഭൂമി) കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സൗകര്യം നൽകുക.
e. അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക. അസ്സലാധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം നൽകുക.

## 5. രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ ഘടന



## 6. രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥ ഘടന



## 7. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിന്റെ ഘടന



8. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ എണ്ണം - ജില്ലാടിസ്ഥാനത്തിൽ

*ആകെ എണ്ണം 315*



## 9. മാനവവിഭവം

| രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥ വിന്യാസം | | |
|---|---|---|
| ക്രമനമ്പർ. | തസ്തിക | എണ്ണം |
| 1 | ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | 1 |
| 2 | ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | 1 |
| 3 | ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | 5 |
| 4 | അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ (ചിട്ടി) | 1 |
| 5 | ജില്ലാ രജിസ്ട്രാർ(ജനറൽ) | 14 |
| 6 | ജില്ലാ രജിസ്ട്രാർ(ഓഡിറ്റ്) | 11 |
| 7 | അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ | 14 |
| 8 | സീനിയർ സൂപ്രണ്ട് | 5 |
| 9 | കാഷ്യർ | 1 |
| 10 | ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ | 1 |
| 11 | ചിട്ടി ഇൻസ്പെക്ടർ | 10 |
| 12 | ചിട്ടി ഓഡിറ്റർ | 14 |
| 13 | സബ് രജിസ്ട്രാർ | 301 |
| 14 | ജോയിന്റ് സബ് രജിസ്ട്രാർ | 17 |
| 15 | ജൂനിയർ സൂപ്രണ്ട് | 105 |
| 16 | ഹെഡ്ക്ലർക്ക് | 247 |
| 17 | സീനിയർ ക്ലർക്ക് | 723 |
| 18 | ക്ലർക്ക് | 730 |
| 19 | ഫെയർകോപ്പി സൂപ്രണ്ട് | 1 |

| | | |
|---|---|---|
| 20 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 8 |
| 21 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 8 |
| 22 | അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് | 8 |
| 23 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 9 |
| 24 | ബൈൻഡർ ഗ്രേഡ് II | 10 |
| 25 | ഡ്രൈവർ | 21 |
| 26 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 27 | അറ്റൻഡർ | 2 |
| 28 | ദഫേദാർ | 1 |
| 29 | ഓഫീസ് അറ്റൻഡന്റ് | 630 |
| 30 | പാർട്ട് ടൈം സ്വീപ്പർ | 322 |
| | ആകെ | 3222 |

**Declared as supernumerary vide G.O.(P)No.34/2003/P&ARD, dated, 19-11-2003*
*** Includes 1 driver post as supernumerary*

**10. രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രധാന നിയമങ്ങൾ**

- 1899-ലെ ഇന്ത്യൻ മുദ്രപ്പത്ര നിയമം
- 1959-ലെ കേരള മുദ്രപ്പത്ര നിയമം
- 1960, 1968 വർഷങ്ങളിലെ മുദ്രപ്പത്ര നിയമങ്ങൾ (ആധാരങ്ങളിൽ വസ്തു വിലകുറച്ച് കാണിക്കുന്നതിനെ തടയുന്നത്)
- 1908-ലെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റ്
- 1958-ലെ കേരള രജിസ്ട്രേഷൻ റൂൾസ്
- 1967-ലെ കേരള രജിസ്ട്രേഷൻ റൂൾസ് (ശരിപ്പകർപ്പുകൾ ഫയൽ ചെയ്യുന്നത് സംബന്ധിച്ചുള്ളത്)
- 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ്
- 1958-ലെ കേരള സ്പെഷ്യൽ മാര്യേജ് റൂൾസ്
- 1872-ലെ ദ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ്

- കൊല്ലവർഷം 1095-ലെ ദ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാരേജ് ആക്ട്
- 1955-ലെ തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര-സാഹിത്യ-ധർമ്മ സ്ഥാപന രജിസ്ട്രേഷൻ നിയമം
- 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമം
- 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്റ്റ്
- 1961-ലെ ദ കേരള നോൺ ട്രേഡിംഗ് കമ്പനീസ് ആക്റ്റ്
- 1982-ലെ കേന്ദ്ര ചിട്ട് ഫണ്ട്സ് ആക്റ്റ്
- 2012-ലെ കേരള ചിട്ട് ഫണ്ട്സ് റൂൾസ്
- 1978-ലെ ദി പ്രൈസ് ചിട്ട്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് ( നിർത്തലാക്കൽ ) നിയമം
- 1960-ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ
- 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ്
- 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്റ്റ്
- 1954-ലെ പ്രത്യേക വിവാഹ നിയമം
- 1882-ലെ വസ്തു കൈമാറ്റ നിയമം
- 1882-ലെ മുക്ത്യാർ നാമങ്ങൾ ആക്റ്റ്
- 1882-ലെ ഇന്ത്യൻ ട്രസ്റ്റ് ആക്റ്റ്.

## 11. രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലകൾ

ആധാരങ്ങൾ രജിസ്റ്ററാക്കുക, അവ സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബാധ്യതാ സർട്ടിഫിക്കറ്റുകളും നൽകുക എന്നിവ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ചുമതലകളാണ്. കേരള സംസ്ഥാനത്ത് നടത്തുന്ന ചിട്ടികളുടെ രജിസ്ട്രേഷനും ചിട്ടിഭരണവും ചിട്ടി ആർബിട്രേഷനും രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയിൽപ്പെടുന്നു. ശാസ്ത്ര-സാഹിത്യ-ധർമ്മസ്ഥാപനങ്ങൾ രജിസ്റ്ററാക്കുക, നോൺ-ട്രേഡിംഗ് കമ്പനി, കൂട്ടുകച്ചവട സ്ഥാപനങ്ങൾ (Firms) എന്നിവ രജിസ്റ്റർ ചെയ്യുക എന്നതും വകുപ്പിന്റെ പ്രധാന ചുമതലകളാണ്. പ്രത്യേക വിവാഹ നിയമപ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ, വിൽപ്പത്ര നിക്ഷേപണം, പ്രമാണങ്ങൾക്കുള്ള

മുദ്രവിലനിർണ്ണയം, മുക്ത്യാർനാമം സാക്ഷ്യപ്പെടുത്തൽ എന്നിവയും രജിസ്ട്രേഷൻ വകുപ്പിൽ നിക്ഷിപ്തമാണ്.

1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 31, 32, 33(എ), 37, 38(1), 39, 41, 45ബി, 46, 65, 68, വകുപ്പുകളുടെയും 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്റ്റിലെ വകുപ്പ് 16, 32(2), 40, 42 വകുപ്പുകളുടെയും ആവശ്യത്തിനായി ജില്ലാ രജിസ്ട്രാർമാരും, 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്റ്റിലെ 16-ാം വകുപ്പിന്റെ ആവശ്യത്തിലേക്കായി സബ് രജിസ്ട്രാർ മാരും കളക്ടർമാരാണ്. കേരള സ്റ്റാമ്പ് ആക്റ്റിലെ വകുപ്പ് 16(ii)-ന്റെ ആവശ്യത്തിലേക്കായി രജിസ്ട്രേഷൻ ഓഫീസർമാർക്ക് മുദ്രവില സമാശ്രയിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## 12. രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം

രജിസ്ട്രേഷൻ വകുപ്പു തലവൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആണ്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ലോ ഓഫീസർ, ലൈസൻസിംഗ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ(ചിട്ടി), സീനിയർ സൂപ്രണ്ടുമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവർ അതാതു സെക്ഷനുകളുടെ മേധാവികളായി വർത്തിക്കുന്നു.

ഭരണപരമായ സൗകര്യത്തിനായി സംസ്ഥാനത്തെ രജിസ്ട്രേഷൻ ഭരണം നാല് മേഖലകളായി തിരിച്ചിരിക്കുന്നു. ഓരോ മേഖലയും അതാതു രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു. 14 റവന്യൂ ജില്ലകളിൽ ജില്ലാ രജിസ്ട്രാർ (ജനറൽ)-മാർ ജില്ലാതല ഭരണ നിർവ്വഹണം നടത്തുന്നു. ജില്ലാ രജിസ്ട്രാർ (ജനറൽ)-മാരെ കൂടാതെ, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും ഓഡിറ്റ് പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നതിലേക്കായി ജില്ലാ രജിസ്ട്രാർ(ഓഡിറ്റ്)-മാർ നിയമിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത്

ആകെ 315 സബ് രജിസ്ട്രാർ ആഫീസുകളിൽ 17 എണ്ണത്തിൽ സബ് രജിസ്ട്രാർമാരെ കൂടാതെ ഓരോ ജോയിന്റ് സബ് രജിസ്ട്രാർമാർ കൂടി നിയമിക്കപ്പെട്ടിരിക്കുന്നു.

സംസ്ഥാന സർക്കാരിന് റവന്യൂ വരുമാനം നേടിക്കൊടുക്കുന്ന വകുപ്പുകളുടെ കൂട്ടത്തിൽ മുൻപന്തിയിലാണ്, രജിസ്ട്രേഷൻ വകുപ്പ്. ആധാര രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ, സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ, ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ, നോൺ-ട്രേഡിംഗ് കമ്പനി രജിസ്ട്രേഷൻ തുടങ്ങിയവയിലൂടെയാണ് പ്രധാനമായും രജിസ്ട്രേഷൻ വകുപ്പിന് വരുമാനം ലഭിക്കുന്നത്.

**(i) സാമ്പത്തികം**

ബഡ്ജറ്റ് പ്രസംഗം 2023-2024 (തീയതി 3-2-2023 (ഖണ്ഡിക 551, 556, 557, 559)

1. 2023-24-ലെ ബഡ്ജറ്റിലെ ഖണ്ഡിക 551-ലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ SRO No. 420/2023 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നികുതി (ജെ) വകുപ്പിന്റെ 25-3-2023 തീയതിയിലെ ജി. ഒ. (പി) 45/2023/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 1-4-2023 മുതൽ ഭൂമിയുടെ ന്യായവില 20% വർദ്ധിപ്പിച്ചതോടെ അത് 2010-ലെ അടിസ്ഥാന ന്യായവിലയുടെ 264 % ആയി.

2. ഖണ്ഡിക 559-ലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 17-3-2023- ലെ G. O. (P) 40/2023/Taxes നമ്പർ ഉത്തരവ് പ്രകാരം 1-4-2023 മുതൽ സറണ്ടർ ഓഫ് ലീസിനുള്ള ഫീസ് നിരക്ക് 1000 രൂപയായി മാറ്റം വരുത്തി.

3. ഖണ്ഡിക 556-ലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഉത്തരവ് പ്രകാരം ഗഹാൻ, ഗഹാൻ റിലീസ് ഫയൽ ചെയ്യുന്നതിന് 100 രൂപ സർവ്വീസ് ചാർജ്ജ് ഏർപ്പെടുത്തി.

4. ഖണ്ഡിക 554-ലെ പ്രഖ്യാപന പ്രകാരം 22-3-2023 തീയതിയിലെ G.O.(P) 41/2023/Taxes നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നമ്പർ ലഭിച്ച് 6 മാസത്തിനകം കൈമാറ്റം ചെയ്യുന്ന ഫ്ലാറ്റ്/അപ്പാർട്ട്മെന്റുകൾക്കുള്ള മുദ്രവില 5%-ൽ നിന്നും 7% ആയി വർദ്ധിപ്പിച്ച് 30-3-2010 തീയതിയിലെ G.O.(Ms.) 94/2010/TD ഉത്തരവ് ഭേദഗതി വരുത്തി.

5. ഖണ്ഡിക 557-ലെ പ്രഖ്യാപന പ്രകാരം 68/Leg.A2/2023/Law നമ്പർ ഉത്തരവ് പ്രകാരം 1932-ലെ ഇന്ത്യൻ പാർട്ണർഷിപ്പ് ആക്റ്റ് പ്രകാരം നൽകി വരുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ച് ഉത്തരവായി.

<u>തൻവർഷ വരുമാനം</u>

| രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം | 2023-2024 വർഷം മുദ്രയിനത്തിൽ സ്വരൂപിച്ച വരുമാനം (₹) | 2023-2024 വർഷം ഫീസിനത്തിൽ സ്വരൂപിച്ച വരുമാനം (₹) |
|---|---|---|
| 905,094 | 3819,87,53,452 | 1399,46,42,392 |

<u>പദ്ധതി വിഹിതവും ചെലവും (Plan)</u>

| *ഇനം* | *അനുവദിച്ച തുക (ലക്ഷം രൂപ)* | *ചെലവായ തുക (ലക്ഷം രൂപ)* |
|---|---|---|
| കമ്പ്യൂട്ടർവത്കരണം | 610 | 519.40 |
| ആധുനികവത്കരണം | 440 | 268.58 |
| പ്രിസർവേഷൻ | 1,250 | 751.85 |

### റിപ്പോർട്ട് കാലയളവിലെ ആകെ വരവ് - മുൻകാലങ്ങളുമായുള്ള താരതമ്യം (കോടിയിൽ)




(ii) <u>അടിസ്ഥാന സൗകര്യ വികസനം:</u>

അതിപുരാതനവകുപ്പുകളിൽ ഒന്നായ രജിസ്ട്രേഷൻ വകുപ്പിൽ, നൂറ്റാണ്ടുകൾ കാലപ്പഴക്കമുള്ള കെട്ടിടങ്ങളിൽ തന്നെയാണ് പല സബ് രജിസ്ട്രാർ ഓഫീസുകളും പ്രവർത്തിച്ചുവരുന്നത്. ആകയാൽ വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങളിൽ മുഖ്യപങ്ക് അടിസ്ഥാന സൗകര്യ വികസനത്തിന് നൽകിയിരിക്കുന്നു. കഴിഞ്ഞവർഷങ്ങളിലേതുപോലെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും വളരെ പ്രാധാന്യത്തോടെ സർക്കാർ ഈ കാലയളവിലും നടപ്പിലാക്കിവരുന്നു.

2023-2024 കാലയളവിൽ, നികുതി വകുപ്പിന്റെ 10-1-2023 തീയതിയിലെ സ.ഉ.(സാധാ).നമ്പർ 786/2023/നി.വ. നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ കതിരൂർ സബ് രജിസ്ട്രാരാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 156 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വർക്കല സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണോദ്ഘാടനവും കോട്ടയം ജില്ലയിലെ കടുത്തുരുത്തി സബ് രജിസ്ട്രാറാഫീസ്, എറണാകുളം ജില്ലയിലെ കോതമംഗലം, തൃശ്ശൂർ ജില്ലയിലെ തൃപ്രയാർ, കോഴിക്കോട് ജില്ലയിലെ അഴിയൂർ, തിരുവള്ളൂർ, വില്യാപ്പിള്ളി, കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ്, മലപ്പുറം ജില്ലയിലെ കൊടയ്ക്കൽ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സബ് രജിസ്ട്രാറാഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനവും നടന്നു. തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം, കോട്ടയം ജില്ലയിലെ കൂവപ്പള്ളി, തൃശ്ശൂർ ജില്ലയിലെ മുണ്ടൂർ, അണ്ടത്തോട്, അന്നമനട എന്നീ ഓഫീസുകളുടെ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനവും ഉൾപ്പെടെ റിപ്പോർട്ട് കാലയളവിൽ 14 ഓഫീസുകളുടെ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനവും നടന്നു. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 48 സബ് രജിസ്ട്രാറാഫീസുകൾക്കും മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകൾക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒരു സബ് രജിസ്ട്രാറാഫീസിന്റെ അറ്റകുറ്റപ്പണിക്കുമായി ഉത്തരവായിരുന്നതും അതിൽ 8 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നതും മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതുമാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനു പുറമേ കൊട്ടാരക്കര പ്രിൻസിപ്പൽ, പുളിങ്കുന്ന്, മാള, ചേമഞ്ചേരി, കോട്ടായി എന്നീ സബ് രജിസ്ട്രാറാഫീസുകളുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടുള്ള 6 കെട്ടിടങ്ങളിലേക്ക് ഓഫീസുകൾ മാറ്റി പ്രവർത്തനമാരംഭിച്ചു.

സ്വന്തമായി കെട്ടിടം ഇല്ലാത്ത ആഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും, ഭൂമി ലഭ്യമായ ഓഫീസുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു.

(iii) <u>ആധുനികവൽക്കരണം:</u>

സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ സേവനങ്ങൾ നൽകി വരുന്നത് PEARL എന്ന സോഫ്റ്റ്വെയർ മുഖേനയാണ്. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സുതാര്യമാക്കുന്നതിനായി ഇ-പേയ്മെന്റ്, ഡിജിറ്റൽ സർട്ടിഫിക്കറ്റ് എന്നിവ വിജയകരമായി നടപ്പിലാക്കി. ആധാരങ്ങൾ വിലകുറച്ച് കാണിക്കുന്ന കേസുകളിലെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും PEARL സിസ്റ്റം ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ ആഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും ഡിജിറ്റൽ ഇമേജ് പ്രിന്ററുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും തകരാറുകൾ യഥാസമയം പരിശോധിച്ച് പരിഹരിക്കുകയും പുതിയവ ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

ആധാര വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ എൻട്രി ചെയ്തുകൊണ്ട്, ആധാര രജിസ്ട്രേഷൻ നടത്തേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ആധാരങ്ങൾ രജിസ്ട്രാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക വഴി ആധാരരജിസ്ട്രേഷൻ ത്വരിതഗതിയിലും കുറ്റമറ്റതും ആക്കിത്തീർത്തു. റിപ്പോർട്ട് കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിലെ ഡിജിറ്റൽ എൻഡോഴ്സ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ 315 ഓഫീസുകളിലും വെബ് ക്യാമറ, ബയോമെട്രിക് ഡിവൈസ്, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ്, ഹൈസ്പീഡ് മൾട്ടി ഫങ്ഷൻ A4 പ്രിന്റർ എന്നിവ വിതരണം ചെയ്തു.

വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി 11 സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് റൂമുകൾ നവീകരിച്ചു. അതുപ്രകാരം, അഴിയൂർ, വില്യാപ്പിള്ളി, തിരുവള്ളൂർ, കൊടക്കൽ, മലപ്പുറം, ചാത്തമംഗലം, തൃപ്രയാർ, കടുത്തുരുത്തി, കോഴിക്കോട് ജില്ലാ രജിസ്ട്രാർ ഓഫീസ് എന്നീ ഓഫീസുകളിൽ റിക്കാർഡുകൾ

സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനമായ കോമ്പാക്റ്ററുകൾ സ്ഥാപിച്ചു. കൂടാതെ കൊടയ്ക്കൽ, വില്യാപ്പിള്ളി, കടുത്തുരുത്തി, തിരുവള്ളൂർ, തൃപ്രയാർ, മട്ടന്നൂർ, ചാത്തമംഗലം, അഴിയൂർ, പോത്തൻകോട്, തിരുവല്ലം, മുണ്ടൂർ സബ് രജിസ്ട്രാറാഫീസുകളിൽ ക്യാബിൻ വർക്കുകൾ പൂർത്തീകരിച്ചു.

PEARL സോഫ്റ്റ്‌വെയർ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പിൽ ഐ.റ്റി. സെൽ പ്രവർത്തിച്ചുവരുന്നു. രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമായി നൽകുന്നതിലേക്കായി ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഐ.റ്റി. സെൽ നൽകിവരുന്ന പിന്തുണയും ദൈനംദിന പ്രവർത്തനങ്ങളും എടുത്തുപറയത്തക്കതാണ്. രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ആധാരം സ്വയം തയ്യാറാക്കുന്നവർക്കായി വിവിധതരം ആധാരങ്ങളുടെ മാതൃകകൾ പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാണ്. Guidelines for Indian Government Websites(GIGW)-ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതിയ സാങ്കേതിക വിദ്യയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിഷ്കരിക്കുകയും, പരിഷ്കരിച്ച വെബ്സൈറ്റ് *https://registration.kerala.gov.in* എന്ന അഡ്രസ്സിൽ ലഭ്യമാക്കുകയും ചെയ്തു.

സംസ്ഥാനത്ത് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾക്കും 1-4-2023 മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിൽ വരുത്തി G.O. (Ms.) No.10/2023/Taxes dated 9-2-2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും G.O. (Ms.) No.23/2023/Taxes dated 20-3-2023 പ്രകാരം ആയതിനുള്ള പ്രവർത്തന മാർഗനിർദ്ദേശം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്ത് നൽകുന്നതിന് ഇ-സ്റ്റാമ്പ്

പോർട്ടൽ (estamp.treasury.kerala.gov.in) ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനാനുമതിയും സ.ഉ. (സാധാ.)നമ്പർ.889/2024/ധന. തീയതി 31-1-2024 പ്രകാരം ലഭിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾക്കും അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന PEARL സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ജനറേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(iv) <u>ഇന്റേണൽ കൺട്രോൾ സിസ്റ്റം</u>:

ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ രജിസ്ട്രാർ (ആഡിറ്റ്) എന്നിവരുടെ ചുമതലയിൽ സബ് രജിസ്ട്രാർ ഓഫീസുകളിലെ പരിശോധന കൃത്യമായി നടന്നുവരികയും വകുപ്പിന്റെ പ്രവർത്തന കാര്യക്ഷമതയും കൃത്യതയും വിലയിരുത്തപ്പെടുകയും ചെയ്യുന്നു. പരിശോധനാറിപ്പോർട്ടുകളിൻമേൽ കാലതാമസം വരുത്താതെ തീർപ്പുണ്ടാക്കുന്നതിനായി രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ അദാലത്തുകൾ നടത്തി വരുന്നു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ നിന്നും എല്ലാ ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും വാർഷിക പരിശോധനയും നടത്തി വരുന്നുണ്ട്. കൂടാതെ ജില്ലാ രജിസ്ട്രാർമാർ, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നിവർ മിന്നൽ പരിശോധനകളും നടത്തിവരുന്നു. വകുപ്പിലെ വിജിലൻസ് ഓഫീസർ & വിജിലൻസ് സെൽ ഹെഡ് ആയി രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ പ്രവർത്തിച്ചുവരുന്നു.

<u>രജിസ്ട്രേഷൻ മാന്വൽ, ഇന്റേണൽ ഓഡിറ്റ് മാന്വൽ:</u>

സംസ്ഥാനത്തിന് മികച്ച റവന്യൂ വരുമാനം നേടിക്കൊടുക്കുന്ന ഒരു വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പ്. വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സർക്കാരിന് വരുമാനനഷ്ടമില്ലാത്ത തരത്തിൽ

സാമ്പത്തിക കൃത്യത പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. വിവിധങ്ങളായ രജിസ്റ്ററുകളും റിക്കാർഡുകളും ചട്ടപ്രകാരം പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതായുണ്ട്. ആയതിലേക്കായി രജിസ്ട്രേഷൻ വകുപ്പിലെ പ്രവർത്തനങ്ങൾക്കും പരിശോധനകൾക്കും ഓഡിറ്റുകൾക്കും ഒരു ഏകീകൃത സ്വഭാവം കൈവരുത്തുകയെന്ന ലക്ഷ്യത്തോടെ രജിസ്ട്രേഷൻ മാന്വൽ, ഇന്റേണൽ ഓഡിറ്റ് മാന്വൽ എന്നിവ പ്രസിദ്ധീകരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതാണ്.

ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി:

ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ വിശകലനം ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറലുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നു.

(V) പരാതി പരിഹാര സെൽ:

രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിനും അതിലൂടെ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കു ന്നതിനും വേണ്ടി എല്ലാ മാസവും ജില്ലാതലത്തിൽ പരാതി പരിഹാര അദാലത്ത് നടത്തിയിരുന്നു. ആധാരരജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിലേക്കായി മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിനു സമാനമായി Grievance Redressal Cell രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആഫീസിൽ നിലവിൽ വന്നു. പരാതി പരിഹരിക്കുന്നത് സംബന്ധിച്ചുള്ള വകുപ്പുതല പ്രവർത്തനങ്ങൾ പ്രസ്തുത സെൽ നിരീക്ഷിച്ചു വരുന്നു.

(iv) <u>അദാലത്ത്:</u>

വകുപ്പിലെ വാർഷിക പരിശോധനാ റിപ്പോർട്ടുകൾ, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവയിലെ കുടിശ്ശിക ഇനങ്ങൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നിർദ്ദേശാനുസരണം രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ ജില്ലാതലത്തിൽ സബ് രജിസ്ട്രാർ ഓഫീസ് തിരിച്ച് അദാലത്തുകൾ നടത്തിവരുന്നു. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ രജിസ്ട്രാർ (ആഡിറ്റ്) ബന്ധപ്പെട്ട സബ് രജിസ്ട്രാർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് ടി അദാലത്തുകൾ നടത്തിവരുന്നത്. സബ് രജിസ്ട്രാർ ആഫീസുകളിലെ ആഡിറ്റ്/പരിശോധനാ റിപ്പോർട്ടുകൾ ഘട്ടംഘട്ടമായി ഉൾപ്പെടുത്തി, തീർപ്പാക്കാതെ കിടന്ന നിരവധി ഇനങ്ങൾ തീർപ്പാക്കാൻ ഇതുമൂലം സാധിക്കുന്നു. ടി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ, റിട്ടയർ ചെയ്ത ജീവനക്കാരുടെ ഡി.സി.ആർ.ജി. കാലതാമസം കൂടാതെ നൽകുന്നതിനായി പെൻഷൻ അദാലത്തുകളും ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുന്നു.

(vii) <u>ലോക്കൽ ആഡിറ്റ് കമ്മിറ്റി മീറ്റിംഗ്:</u>

വകുപ്പിലെ മുഴുവൻ ആഫീസുകളിലെയും ലോക്കൽ ആഡിറ്റ് റിപ്പോർട്ടുകളിൻമേൽ തീർപ്പുകൽപ്പിക്കുവാനായി മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ചെയർമാനായും ലോ ആഫീസർ കൺവീനറായുമുള്ള കമ്മിറ്റിയിൽ ജില്ലാ രജിസ്ട്രാർ (ജനറൽ), ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളാണ്. ലോക്കൽ ആഡിറ്റ് കമ്മിറ്റി മീറ്റിംഗുകൾ സംഘടിപ്പിക്കുക വഴി കുടിശ്ശികയുള്ള, ലോക്കൽ ആഡിറ്റ് റിപ്പോർട്ടുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് സാധിക്കുന്നു.

(viii) <u>റീക്കൺസിലിയേഷൻ:</u>

രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകൾ മുഖാന്തിരം പിരിച്ചെടുത്തതും ചെലവ് ചെയ്തതുമായ തുകയുടെ കണക്കുകൾ ട്രഷറി കണക്കുകളുമായി ഒത്തുനോക്കി അവ അക്കൗണ്ടന്റ് ജനറലിന്റെ

വരവുചെലവ് കണക്കുകളുമായി താരതമ്യം ചെയ്ത് ബോദ്ധ്യപ്പെട്ടുവരുന്നു.

(ix) <u>വകുപ്പുതല അച്ചടക്കനടപടി:</u>

The Prevention of Corruption Act, 1988 പ്രകാരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും Kerala Service Rules, Kerala Sub-ordinate Service Rules എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനങ്ങളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു. റിപ്പോർട്ട് കാലയളവിൽ 23 ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.

(x) <u>വിവരാവകാശനിയമം പ്രാവർത്തികമാക്കൽ:</u>

വകുപ്പിലുടനീളം വിവരാവകാശ നിയമം കർശനമായും കാര്യക്ഷമമായും നടപ്പിലാക്കുവാനായി, സബ് രജിസ്ട്രാർമാരെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർമാരെയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരെയും അപ്പലേറ്റ് അതോറിറ്റിയായും നിയമിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ ചിട്ടി അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ ആണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ അപ്പലേറ്റ് അതോറിറ്റിയായി ചുമതലപ്പെടുത്തിയിരിക്കുന്നു.

(xi) <u>സേവനാവകാശ നിയമം പ്രാവർത്തികമാക്കൽ:</u>

സേവനാവകാശ നിയമം കേരളത്തിൽ പ്രാബല്യത്തിൽ വന്നതിനനുസൃതമായി രജിസ്ട്രേഷൻ വകുപ്പിലും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ ആയതിന്റെ കാലപരിധി, സേവനം

നൽകാൻ നിയുക്തരാക്കപ്പെട്ട ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ മുതലായവ നിർണ്ണയിച്ചുകൊണ്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 14-12-2012-ലെ ഇ1/24510/11 നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സേവനം നൽകാൻ നിയുക്തനായിട്ടുള്ള ഉദ്യോഗസ്ഥൻ സബ് രജിസ്ട്രാറും, ഒന്നാം അപ്പീൽ അധികാരി ബന്ധപ്പെട്ട സോണൽ ഡി.ഐ.ജി. യുമാണ്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ ഒന്നാം അപ്പീൽ അധികാരി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലും അപ്പീൽ അധികാരി നികുതി വകുപ്പ് സെക്രട്ടറിയുമാണ്.

(xii) <u>ഔദ്യോഗിക ഭാഷാനിയമം:</u>

കേരള സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷാ മലയാളം ആയിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം സാക്ഷാത്കരിക്കുന്നതിലേക്കായുള്ള പ്രവർത്തനങ്ങൾ രജിസ്ട്രേഷൻ വകുപ്പിലും നടന്നുവരുന്നു. ഇതിലേക്കായി ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെയും മലയാള ഭാഷ സംബന്ധിച്ച സംസ്ഥാനതല സമിതിയോഗത്തിന്റെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുകയും വകുപ്പുതല ഔദ്യോഗികഭാഷാ സമിതിയും ഉപസമിതികളും രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

ജില്ലാ രജിസ്ട്രാർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയുടെ ദ്വൈമാസ യോഗങ്ങളിലെ തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ 29-4-2015-ലെ ആർ.ഒ.എം.138/13 നമ്പർ സർക്കുലറിലൂടെ, വകുപ്പിലെ ഭാഷാമാറ്റ പുരോഗതി എല്ലാ മാസവും 5-ാം തീയതിക്കകം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണെന്നും എല്ലാ ജില്ലകളിലും ബന്ധപ്പെട്ട ജില്ലാ

രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ രണ്ടു മാസത്തിലൊരിക്കൽ അവലോകനയോഗം കൂടി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഇംഗ്ലീഷ് ഭാഷയിൽ കത്തിടപാടുകൾ നടത്തേണ്ടിവരുന്ന ഫയലുകളിൽ നോട്ട് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്ത് മലയാളം ഫയലായി അതിനെ കാണേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ വകുപ്പിലെ 100% ഫയലുകളും മലയാള ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്.

കേരളപ്പിറവിയുടെ 67-ാം വാർഷിക വേളയിൽ ഭരണഭാഷ വാരാഘോഷം 2023 നവംബർ 1 മുതൽ ആഘോഷിച്ചു. ഇതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ആംഗലേയ പദങ്ങൾക്ക് സമാനമായ മലയാള പദങ്ങളും (ലഘു വിവരണം സഹിതം) എഴുതി പ്രദർശിപ്പിച്ചു. 2023 നവംബർ 1-ന് മലയാളദിനമായി ആചരിച്ചു. നവംബർ 1 മുതൽ 7 വരെയുള്ള ദിനങ്ങൾ ഭരണഭാഷ വാരമായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ വിപുലമായി ആഘോഷിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി ഭരണരംഗത്തെ മലയാള ഭാഷാ പ്രാതിനിധ്യത്തെക്കുറിച്ചും മുഴുവൻ ഫയലുകളും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്നുള്ള ഓർമ്മപ്പെടുത്തലോടുകൂടി ഭാഷയെ അടുത്തറിയാൻ സാധിക്കുന്ന രീതിയിലുള്ള മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു.

(xiii) <u>സെമിനാറുകൾ, കോൺഫറൻസുകൾ മുതലായവ</u>

രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുടെ നേതൃത്വത്തിൽ, ജില്ലാ രജിസ്ട്രാർമാരുടെ സാന്നിദ്ധ്യത്തിൽ സബ് രജിസ്ട്രാർമാരുടെ കോൺഫറൻസ് എല്ലാ മാസവും ജില്ലാ തലത്തിൽ നടത്തിവരുന്നു. കൂടാതെ, വകുപ്പിന്റെ ജില്ലാതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർമാരുടെയും രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുടെയും കോൺഫറൻസ് പ്രതിമാസം കൂടുകയും സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ചെയ്യുന്നു.

## 13 രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ

ആധാരങ്ങൾ രജിസ്റ്ററാക്കുക, അവ സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബാധ്യതാ സർട്ടിഫിക്കറ്റുകളും നൽകുക, ചിട്ടിഭരണനിർവഹണം, ശാസ്ത്ര-സാഹിത്യ-ധർമ്മസ്ഥാപനങ്ങൾ, നോൺ-ട്രേഡിംഗ് കമ്പനി, കൂട്ടുകച്ചവട സ്ഥാപനങ്ങൾ (Firms) എന്നിവ രജിസ്റ്റർ ചെയ്യുക, പ്രത്യേക വിവാഹ നിയമപ്രകാരമുള്ള വിവാഹരജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ രജിസ്ട്രേഷൻ വകുപ്പ് നൽകിവരുന്നു.

(i) <u>ആധാര രജിസ്ട്രേഷൻ:</u>

രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 'ആധാരം' എന്ന പദത്തിന്, കരണം, പ്രമാണം, കരാർ എന്നിങ്ങനെ വിശാലമായ അർത്ഥങ്ങൾ ഉപയോഗിച്ചിരിക്കുന്നു. 1897-ലെ ജനറൽ ക്ലോസസ് ആക്റ്റ് 3 (18-ാം വകുപ്പ്)-ൽ 'ആധാരം' ഇപ്രകാരം നിർവചിക്കപ്പെട്ടിരിക്കുന്നു. "ഒരു കാര്യം രേഖപ്പെടുത്തുവാൻ ഉപയോഗിക്കാവുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സാധനത്തിൽ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ കൊണ്ടോ അല്ലെങ്കിൽ ഇവയിലേതെങ്കിലും കൂട്ടിച്ചേർത്തോ എഴുതപ്പെട്ടതോ പ്രസ്താവിക്കപ്പെട്ടതോ വിവരിക്കപ്പെട്ടതോ ആയ ഏതൊരു സംഗതിയും 'ആധാരം' എന്ന പദത്തിൽ ഉൾപ്പെടും."

ഭൂമി രജിസ്ട്രേഷന്റെ ചുമതല സംസ്ഥാനങ്ങൾക്കാണ് നൽകിയിരിക്കുന്നത്. ഓരോ സംസ്ഥാനങ്ങളും ഇതിനു വേണ്ടി ചട്ടങ്ങളും നടപടിക്രമങ്ങളും ആവശ്യമുള്ള ഫോറങ്ങളും ഫീസും നിശ്ചയിച്ചിട്ടുണ്ട്. 1959-ലെ കേരള മുദ്രപ്പത്ര നിയമം, 1908-ലെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1958-ലെ കേരള രജിസ്ട്രേഷൻ റൂൾസ്, രജിസ്ട്രേഷൻ മാന്വൽ എന്നിവയാണ് പ്രധാനമായും കേരള രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങൾ. 1908-ലെ

രജിസ്ട്രേഷൻ ആക്റ്റ് കൂടാതെ, ആക്റ്റിൽ 17-ാം വകുപ്പിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട ആധാരങ്ങളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. അത്തരം ആധാരങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. രജിസ്റ്ററിംഗ് ഓഫീസർക്ക്, കക്ഷികളുടെ അനന്യത ബോധ്യപ്പെടുകയും ആവശ്യമായ ഫീസ് കക്ഷി ഒടുക്കി ആധാരത്തിൽ ഒപ്പ് സമ്മതം രേഖപ്പെടുത്തുകയുമാണെങ്കിൽ, പ്രസ്തുത ആധാരം ശരിയായ മുദ്രപതിപ്പിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടാൽ, അവയുടെ സ്വഭാവമനുസരിച്ച് 1, 2, 3 പുസ്തകങ്ങളിലേതെങ്കിലും ഒന്നിൽ പ്രസ്തുത ആധാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

- <u>വാസസ്ഥല രജിസ്ട്രേഷൻ</u>

സാധാരണഗതിയിൽ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി സ്വീകരിക്കേണ്ടത് രജിസ്ട്രേഷൻ ഓഫീസുകളിൽ വച്ചാണ്. എന്നാൽ രജിസ്ട്രേഷൻ ആക്റ്റ്, 1908 സെക്ഷൻ 31, 33, 38 പ്രകാരം ശരിയായ കാരണം ഉള്ളതായി ബോധ്യപ്പെടുന്ന പക്ഷം കക്ഷിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ രജിസ്റ്ററിംഗ് ഓഫീസർക്ക് വാസസ്ഥല രജിസ്ട്രേഷൻ നടത്താവുന്നതാണ് (Registration Rules (Kerala),1958-Chapter IX). സംസ്ഥാനത്ത് റിപ്പോർട്ട് കാലയളവിൽ 9809 വാസസ്ഥല രജിസ്ട്രേഷനുകൾ നടന്നു.

- <u>ആധാരം സ്വയം തയ്യാറാക്കൽ (Self Prepared Documents)</u>

രജിസ്ട്രേഷൻ റൂൾസ് (കേരള), 1958 റൂൾ 30(1) പ്രകാരം, ഒരു ആധാരത്തിലെ 'Executant' അല്ലെങ്കിൽ 'Claimant'-ന് ആധാരം സ്വയം തയ്യാറാക്കുവാൻ കഴിയും. റിപ്പോർട്ട് കാലയളവിൽ 1089 ആധാരങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- <u>'Anywhere Registration'</u>

രജിസ്ട്രേഷൻ ആക്റ്റ്, 1908 സെക്ഷൻ 30(1) പ്രകാരം, ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവരവസ്തുവുമായി ബന്ധപ്പെട്ട

ഏതൊരു ആധാരവും ആ ജില്ലയുടെ പരിധിക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനായി സ്വീകരിക്കുവാൻ കഴിയും. 'Anywhere Registration' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, വിവിധ വിജ്ഞാപനങ്ങൾ പ്രകാരം ഒരോ ജില്ലയിലെയും സബ് രജിസ്ട്രാർ ഓഫീസുകളെ അതാതു ജില്ലാ രജിസ്ട്രാറുടെ ഓഫീസിനോട് സംയോജിപ്പിച്ച് ഉത്തരവായിരിക്കുന്നു. റിപ്പോർട്ട് കാലയളവിൽ 13,445 ആധാരങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- <u>അടയാളസഹിതം പകർപ്പുകളും ബാധ്യതാ സർട്ടിഫിക്കറ്റുകളും ലിസ്റ്റ് സർട്ടിഫിക്കറ്റുകളും നൽകൽ</u>

കലർപ്പില്ലാത്ത തെളിവ് സൂക്ഷിക്കുക, അവകാശരേഖ ഉറപ്പുവരുത്തുക, ആധാരങ്ങൾക്ക് പ്രചാരം കൊടുക്കുക, കൃത്രിമം തടയും എന്നിവയാണ് രജിസ്ട്രേഷൻ നിയമത്തിന്റെ പ്രധാനലക്ഷ്യങ്ങൾ. രജിസ്ട്രേഷൻ വകുപ്പിലെ ഒന്നും മൂന്നും നാലും പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്ത പ്രമാണങ്ങളുടെയും മറ്റു ഓഫീസ് രേഖകളുടെയും അടയാളസഹിതം പകർപ്പുകൾ സംബന്ധിച്ച നിയമങ്ങൾ, രജിസ്ട്രേഷൻ നിയമം 57-ലും ചട്ടം 154 മുതൽ 167 വരെയും രജിസ്ട്രേഷൻ മാന്വൽ ഉത്തരവിലും വിശദമാക്കുന്നു. ഒരു നിശ്ചിത വസ്തുവിനെ സംബന്ധിക്കുന്ന ഇടപാടുകളെയോ ക്രയവിക്രയങ്ങളെയോ കുറിച്ചോ അല്ലെങ്കിൽ ഒരു പ്രത്യേക വ്യക്തിയോ കുടുംബമോ അഥവാ വ്യക്തികളുടെയോ കുടുംബത്തിന്റെയോ പേർക്കോ ഉള്ള ആധാരങ്ങളുടെ വിവരമോ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇത്തരം വിവരങ്ങൾക്കു വേണ്ടിയുള്ള തിരച്ചിലിനെ പൊതുതിരച്ചിൽ എന്ന് പറയാം. ഇത്തരം തിരച്ചിലുകളുടെ വിവരം രേഖാമൂലം നൽകുന്ന സർട്ടിഫിക്കറ്റുകളാണ് ബാധ്യതാ സർട്ടിഫിക്കറ്റുകൾ. ഒരു വ്യക്തി നടത്തിയിട്ടുള്ളതോ ഒരു പ്രത്യേക വസ്തുവിൽ നടന്നിട്ടുള്ളതോ ആയ എല്ലാ ഇടപാടുകളെയും കാണിക്കുന്നതാണ് ലിസ്റ്റ് സർട്ടിഫിക്കറ്റ് (അവയിൽ 3, 4 പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട രേഖകളുടെ വിവരങ്ങൾ

ഉൾപ്പെട്ടുവരുന്നില്ല). നിശ്ചിത അപേക്ഷയിൽ നിശ്ചിതഫീസ് ഒടുക്കിക്കൊണ്ട് അർഹരായ ഏതൊരു വ്യക്തിക്കും ഇവ ലഭ്യമാക്കാവുന്നതാണ്. നടപ്പുവർഷം 8,58,689 ഒറ്റരേഖാ തെരച്ചിൽ അപേക്ഷ 28,98,920 പൊതു തെരച്ചിൽ അപേക്ഷ 46,869 പലവകരേഖാ തെരച്ചിൽ അപേക്ഷകളിന്മേൽ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. അത് വഴി ₹ 80,73,89,983 ഫീസിനത്തിൽ സമാഹരിച്ചിട്ടുണ്ട്.

(ii) <u>ചിട്ടി ഭരണം</u>

ദ ചിട്ട് ഫണ്ട്സ് ആക്റ്റ് 1982, കേരളത്തിൽ 30-4-2012-ന് നിലവിൽ വരികയും തുടർന്ന് കേരള ചിട്ട് ഫണ്ട്സ് റൂൾസ് 2012, 4-6-2012-ന് പ്രാബല്യത്തിൽ വരികയും ചെയ്തു. ടി നിയമം നിലവിൽ വരുന്നതിനുമുമ്പ് 1975-ലെ കേരള ചിട്ടീസ് ആക്റ്റ് പ്രകാരമാണ് ചിട്ടിഭരണം നിർവഹിച്ചുവന്നിരുന്നത്.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആണ് ചിട്ടി രജിസ്ട്രാർ. ചിട്ടി ഭരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി ചിട്ടി രജിസ്ട്രാറുടെ ചുമതലകൾ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർക്ക് വീതിച്ച് നൽകിയിരിക്കുന്നു. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗം കൂടിയാണ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ. നിലവിലെ ചിട്ടി നിയമപ്രകാരം ചിട്ടി ആർബിട്രേഷന് നിയമപ്രാബല്യം ലഭിക്കുകയും ജോയിന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സ് മാരെ ആർബിട്രേറ്റർമാരായി നിയമിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. ചിട്ടി ഫോർമാൻമാർ വരുത്തുന്ന വീഴ്ചകൾ മാപ്പാക്കി ഉത്തരവാക്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ (ചിട്ടി)-ക്കും ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് ആയ ജില്ലാ രജിസ്ട്രാർ (ജനറൽ) മാർക്കുമാണ്. സബ് രജിസ്ട്രാർമാർ, ചിട്ടി രജിസ്റ്റർ ചെയ്യുകയും ചിട്ടി രേഖകൾ ഫയൽ ചെയ്യുകയും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ചിട്ടി വിടുതൽ ചെയ്യുകയും ചെയ്യുന്ന അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സ് ആയി

പ്രവർത്തിച്ചുവരുന്നു. ചിട്ടി കമ്പനികളുടെ പ്രവർത്തനം യഥാസമയം പരിശോധിക്കുന്നതിന് ചിട്ടി ഇൻസ്പെക്ടർമാരും ചിട്ടി കണക്കുകളുടെ ഓഡിറ്റിംഗ് നടത്തുന്നതിനായി ചിട്ടി ഓഡിറ്റർമാരും ജില്ലാതലത്തിൽ പ്രവർത്തിച്ചുവരുന്നു. തൃശ്ശൂർ ഉത്തര മദ്ധ്യമേഖല ചിട്ടി രജിസ്ട്രാറുടെ നോമിനിയായി പ്രവർത്തിച്ചുവരുന്ന 2 ചിട്ടി ആർബിട്രേറ്റർമാരുടെയും 4 ക്ലർക്കുമാരുടെയും തസ്തികകൾക്ക് 31-3-2024 വരെ തുടർച്ചാനുമതി 27-7-2023-ലെ സ.ഉ.(സാധാ).നമ്പർ 80/2023/TAXES ഉത്തരവ് പ്രകാരം ലഭ്യമായിട്ടുള്ളതാണ്.

## ചിട്ടി ഭരണ നിർവഹണം—ഉദ്യോഗസ്ഥഘടന



(iii) <u>ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ</u>

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ XII -ാം ആക്റ്റ്), 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് (1860-ലെ XXI-ാം കേന്ദ്ര ആക്റ്റ്) എന്നീ നിയമങ്ങൾ പ്രകാരം ചാരിറ്റബിൾ സൊസൈറ്റികൾ അതാത് ജില്ലകളിലെ ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു. ടി നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആണ് സംഘം രജിസ്ട്രാർ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഈ അധികാരം അതാതു ജില്ലാ രജിസ്ട്രാർ(ജനറൽ)മാർക്ക് ഏൽപ്പിച്ചുനൽകിയിരിക്കുന്നു. ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ 2012 ഏപ്രിൽ 1 മുതൽ <u>www.egroops.kerala.gov.in</u> എന്ന വെബ് സൈറ്റിലൂടെ നടന്നു വരുന്നു. രജിസ്റ്റർ ചെയ്യേണ്ട സൊസൈറ്റികളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, നിയമാവലി, ഭരണസമിതി ലിസ്റ്റ് എന്നിവ കൂടാതെ വാർഷിക റിട്ടേണുകളും മറ്റു രേഖകളും ഓൺലൈനായി അപ്‌ലോഡ് ചെയ്ത് സമർപ്പിക്കുന്നതിനുള്ള സൗകര്യവും വെബ്സൈറ്റിൽ ലഭ്യമാണ്. 2023-2024 കാലയളവിൽ 6,718 സൊസൈറ്റികൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം ഇക്കാലയളവിൽ ₹ 1,09,94,677 ഫീസിനത്തിൽ സമാഹരിച്ചിട്ടുണ്ട്.

(iv) <u>പാർട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ</u>

1932-ലെ ഇന്ത്യൻ പാർട്ണർഷിപ്പ് ആക്റ്റ് ( IX- ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള കൂട്ടുകച്ചവട സ്ഥാപനങ്ങളുടെ (ഫേംസ്) രജിസ്ട്രേഷൻ, വകുപ്പിന്റെ ആസ്ഥാനകാര്യാലയമായ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലാണ് നടക്കുന്നത്. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) ഈ നിയമത്തിൻകീഴിൽ പാർട്ണർഷിപ്പ് സ്ഥാപനങ്ങളുടെ രജിസ്ട്രാർ (രജിസ്ട്രാർ ഓഫ് ഫേംസ്)

ആയി പ്രവർത്തിക്കുന്നു [G.O.(M.s.) No.93/84/T.D., dated, 13-5-1984]. പാർട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനും തുടർനടപടികളും, 2019 ജനുവരി 1 മുതൽ www.egroops.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന പൂർണ്ണമായും ഓൺലൈനായി നടന്നുവരുന്നു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ഓഫീസ് മുഖേന ഓൺലൈൻ വഴി 2023-2024 കാലയളവിൽ 4,719 കൂട്ടുകച്ചവട സ്ഥാപനങ്ങൾ (ഫേംസ്) ഇന്ത്യൻ പാർട്ണർഷിപ്പ് ആക്റ്റിന് വിധേയമായി രജിസ്റ്റർ ചെയ്തു. ടി കാലയളവിൽ, 1932-ലെ ഇന്ത്യൻ പാർട്ണർഷിപ്പ് ആക്റ്റ് പ്രകാരം ₹ 27,13,121 സമാഹരിച്ചു.

V. നോൺ-ട്രേഡിംഗ് കമ്പനി രജിസ്ട്രേഷൻ

1961-ലെ ദ കേരള-നോൺ-ട്രേഡിംഗ് കമ്പനീസ് ആക്റ്റ് (1961-ലെ 42-ാം ആക്റ്റിനു കീഴിൽ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ(ലൈസൻസിംഗ്) നോൺ-ട്രേഡിംഗ് കമ്പനികളുടെ രജിസ്ട്രാരായി പ്രവർത്തിക്കുന്നു [G.O.(M.s.)No.93/84/T.D., dated, 13-5-1984]. ടി ആക്റ്റ് നിലവിൽ വന്നതിന് ശേഷം കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള രജിസ്ട്രാർ ഓഫ് കമ്പനീസ് മുമ്പാകെ രജിസ്റ്റർ ചെയ്ത് വാർഷിക റിട്ടേൺസ് ഫയൽ ചെയ്തുവന്നിരുന്ന 71 നോൺ-ട്രേഡിംഗ് കമ്പനികൾ കേരള രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ വരികയുണ്ടായി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലാണ് സംസ്ഥാനത്തെ നോൺ-ട്രേഡിംഗ് കമ്പനികൾ വാർഷിക റിട്ടേൺസ് ഫയൽ ചെയ്തുവരുന്നത്. 1961-ലെ ദ കേരള നോൺ-ട്രേഡിംഗ് കമ്പനീസ് ആക്റ്റ് പ്രകാരം 2023-2024 കാലയളവിൽ ₹8,59,200 വകുപ്പ് സമാഹരിക്കുകയുണ്ടായി.

(vi) <u>ആധാരം തയ്യാറാക്കൽ/പകർത്തിയെഴുത്ത് ലൈസൻസ്</u>

1960-ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ പ്രകാരം ആധാരമെഴുത്തും കൈപ്പടയും ലൈസൻസുകൾ നൽകുന്നതിനുള്ള അധികാരം സംസ്ഥാനതല (ആധാരം തയ്യാറാക്കൽ/കൈപ്പട) ലൈസൻസുകൾ പുതുക്കുവാനുള്ള അധികാരം എന്നിവ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്)-ൽ നിക്ഷിപ്തമാണ്. ജില്ലാ രജിസ്ട്രാർ (ജനറൽ) മാർക്ക് തങ്ങളുടെ ജില്ലകളിലെയും സബ് രജിസ്ട്രാർമാർക്ക് അതത് സബ് ഡിസ്ട്രിക്റ്റുകളിലെയും യഥാക്രമം, ജില്ലാതല, സബ് ഡിസ്ട്രിക്റ്റ്തല ലൈസൻസുകൾ പുതുക്കി നൽകുവാനുള്ള അധികാരം ഉണ്ട്. വകുപ്പ് നടത്തുന്ന ആധാരം തയ്യാറാക്കൽ/ പകർത്തിയെഴുത്ത് പരീക്ഷകളിൽ യോഗ്യത നേടുന്നവർക്ക് അതാതു വിഭാഗങ്ങളിൽ ലൈസൻസ് അനുവദിക്കുന്നു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസുമായി ബന്ധിപ്പിക്കപ്പെട്ട ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) ആണ് ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്ക് ലൈസൻസ് നൽകുന്ന അതോറിറ്റി. ആധാരമെഴുത്തുകാർക്കും പകർത്തിയെഴുത്തുകാർക്കും ലൈസൻസ് നൽകുന്നതിനും, പുതുക്കിക്കൊടുക്കുന്നതിനും, ലൈസൻസുകൾ റദ്ദാക്കുകയോ, പിൻവലിക്കുകയോ, സസ്പെന്റ് ചെയ്യുകയോ ചെയ്യുന്നതിനും, ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആധാരമെഴുത്തുകാർക്കും പകർത്തിയെഴുത്തു കാർക്കും നൽകുന്നതിനും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്)-ന് അധികാരമുണ്ടായിരിക്കുന്നതാണ്.

റിപ്പോർട്ട് കാലയളവായ 2023-2024 കാലയളവിൽ 15 പേർക്ക് പുതുതായി ആധാരമെഴുത്ത്-കൈപ്പട ലൈസൻസ് നൽകുകയുണ്ടായി.

(vii) <u>പ്രത്യേക വിവാഹ രജിസ്ട്രേഷൻ (സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ)</u>

1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് (54-ലെ 43-ാം കേന്ദ്ര ആക്റ്റ്), 1958-ലെ കേരള സ്പെഷ്യൽ മാര്യേജ് റൂൾസ് എന്നിവ പ്രകാരം പ്രത്യേക വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലേക്കായി സംസ്ഥാനത്തെ എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ)മാരെയും ജില്ലാ രജിസ്ട്രാർ(ഓഡിറ്റ്)മാരെയും ചിട്ടി ഇൻസ്പെക്ടർമാരെയും ചിട്ടി ഓഡിറ്റർമാരെയും സബ് രജിസ്ട്രാർമാരെയും സബ് രജിസ്ട്രാരുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരെയും അവരവരുടെ അധികാര പരിധികളിൽ സ്പെഷ്യൽ മാര്യേജ് ആക്റ്റിനു കീഴിൽ വിവാഹ ഉദ്യോഗസ്ഥൻമാരായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവായ 2023-2024 വർഷം, 14,488 വിവാഹങ്ങൾ പ്രത്യേക വിവാഹ നിയമപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(viii) <u>ക്രിസ്ത്യൻ വിവാഹ രജിസ്ട്രേഷൻ</u>

- **1872-ലെ ദ ഇൻഡ്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ് (Act 15 of 1872)**

കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലും തൃശൂർ ജില്ലയിലെയും പാലക്കാട് ജില്ലയിലെയും പഴയ കൊച്ചി ഒഴികെയുള്ള പ്രദേശത്തുമാണ് ഈ ആക്റ്റ് ബാധകമാക്കിയിട്ടുള്ളത്. ടി ആക്റ്റ് പ്രാബല്യത്തിലുള്ള പ്രസ്തുത ജില്ലകളിലെ/പ്രദേശത്തെ ക്രിസ്തീയ മതവിശ്വാസികളായ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരെയാണ് സർക്കാർ പ്രത്യേക വിജ്ഞാപനത്തിലൂടെ ടി ആക്റ്റിനു കീഴിൽ മാര്യേജ് രജിസ്ട്രാർമാരായി നിയമിക്കുന്നത്.

- **1895-ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റ് (Act V of 1095)**

പാലക്കാട് ജില്ലയിലെ പഴയ മലബാർ പ്രദേശം, എറണാകുളം ജില്ലയിലെ പഴയ തിരുവിതാംകൂർ, മലബാർ പ്രദേശങ്ങൾ, തൃശൂർ ജില്ലയിലെ പഴയ മലബാർ പ്രദേശം എന്നീ പ്രദേശങ്ങൾ ഒഴികെയുള്ള പാലക്കാട്, എറണാകുളം, തൃശൂർ ജില്ലകളിലെ പ്രദേശങ്ങളിലാണ് ഈ ആക്റ്റ് ബാധകമായിട്ടുള്ളത്. ടി ആക്റ്റ് പ്രാബല്യത്തിലുള്ള ജില്ലകളിലെ/പ്രദേശത്തെ ക്രിസ്തീയ മതവിശ്വാസികളായ ഉദ്യോഗസ്ഥരെ സർക്കാർ പ്രത്യേക വിജ്ഞാപനത്തിലൂടെ ടി ആക്റ്റിനുകീഴിൽ മാര്യേജ് രജിസ്ട്രാർമാരായി നിയമിക്കുന്നു.

(ix) <u>ആധാരം റദ്ദ് ചെയ്യൽ</u>

